## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*380 — 26.06.2013-ൽ മറുപടിക്ക്.

### അസംഘടിത തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) അസംഘടിത തൊഴിലാളികൾക്ക് എന്തൊക്കെ സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ; | (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ക്ഷേമനിധി ബോർഡ് മുഖേനയും തനതായ പദ്ധതികൾ മുഖേനയും, തൊഴിൽ വകുപ്പ് നേരിട്ടും നടപ്പിലാക്കുന്ന അസംഘടിത തൊഴിലാളികൾക്കായി താഴെപ്പറയുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് നിലവിലുള്ളത്.<br><br>1. കേരള അബ്കാരി തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>2. കേരള കർഷക തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>3. കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് ക്ഷേമ നിധി പദ്ധതി<br>4. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>5. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>6. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>7. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>8. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി<br>9. കേരള ബാർബർ & ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി<br>10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ധനസഹായ പദ്ധതി<br>11. കേരള കൈത്തറി തൊഴിലാളി ക്ഷേമ പദ്ധതി<br>12. കേരള ചുമട്ടു തൊഴിലാളി (ജോലി ക്രമീകരണവും ക്ഷേമവും) പദ്ധതി<br>13. കേരള ചുമട്ടു തൊഴിലാളി (സ്ക്കാറ്റേഡ് വിഭാഗം) ക്ഷേമ പദ്ധതി<br>14. കേരള തൊഴിലാളി ക്ഷേമ നിധി പദ്ധതി |

15. കേരള അലക്കു തൊഴിലാളി ക്ഷേമനിധി പദ്ധതി
16. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി
17. കേരള പീഠിക തൊഴിലാളി ക്ഷേമ പദ്ധതി
18. കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമ പദ്ധതി
19. കേരള തയ്യൽ തൊഴിലാളി ക്ഷേമ പദ്ധതി
20. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി
21. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതി
22. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി
23. കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി
24. കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി
25. കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ നിധി പദ്ധതി
26. കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി
27. കേരള അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ പദ്ധതി
28. കേരള അവശതയനുഭവിക്കുന്ന മരം കയറ്റ തൊഴിലാളി പെൻഷൻ
29. കേരള മരം കയറ്റ തൊഴിലാളി ധനസഹായ പദ്ധതി
30. എസ്റ്റേറ്റ് വർക്കേഴ്സ് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്.
31. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളി പ്രസവാനുകൂല്യ പദ്ധതി
32. അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളി പുനരധിവാസ പദ്ധതി
33. തോട്ടം തൊഴിലാളി ഭവന പദ്ധതി
34. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക താങ്ങൽ പദ്ധതി
35. 2007- ലെ അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസ ക്ഷേമപദ്ധതി
36. ആം ആദ്മി ബീമാ യോജന
37. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന
38. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
39. ചിസ് - പ്ലസ്
40. തോട്ടം തൊഴിലാളി ആശ്വാസ ധന സഹായ പദ്ധതി
41. അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെയും തോട്ടങ്ങളിലെയും

കശുവണ്ടി ഫാക്ടറികളിലെയും കയർ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് നൽകുന്ന എക്സ് ഗ്രേഷ്യ ധനസഹായം

42. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി

| | | |
|---|---|---|
| ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി, ബോണസ്, പ്രോവിഡൻറ് ഫണ്ട് എന്നിവ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ;<br><br>(സി) ഇത്തരം തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? | (ബി) & (സി) | അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷേമനിധി ബോർഡുകളും, പദ്ധതികളും രൂപീകരിച്ച് സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പല ക്ഷേമനിധി ബോർഡുകളിൽ നിന്നും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, പ്രോവിഡൻറ് ഫണ്ട് എന്നിവ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് പുറമേ 2008-ലെ സാമൂഹിക സുരക്ഷാനിയമം നടപ്പിലാക്കുന്നതോടുകൂടി ഈ തൊഴിലാളികളുടെ കാര്യത്തിൽ ഗ്രാറ്റുവിറ്റി, പ്രോവിഡൻറ് ഫണ്ട് തുടങ്ങിയിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തു കൊണ്ടുള്ള പദ്ധതി രൂപീകരിക്കുന്നതാണ്. മിനിമം കൂലി നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രസ്തുത മേഖലയിലെ മിനിമം കൂലിയും അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിനെല്ലാം പുറമെ തൊഴിൽ വകുപ്പിൻെറ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രസവാനുകൂല്യ പദ്ധതി, വരുമാന താങ്ങൽ പദ്ധതി, ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി, മരംകയറ്റ തൊഴിലാളി ധനസഹായ പദ്ധതി, ആം ആദ്മി ബീമാ യോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ചിസ് - പ്ലസ്, തോട്ടം തൊഴിലാളി പാർപ്പിട പദ്ധതി, കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി, കുടിയേറ്റ തൊഴിലാളി പാർപ്പിട പദ്ധതി തുടങ്ങിയ പദ്ധതികളെല്ലാം തന്നെ അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പദ്ധതികളാണ്. |

സെക്ഷൻ ആഫീസർ.